# G H S S
# ERANHIMANGAD



# സാർത്ഥകം

THE DIGITAL

MAGAZINE

2023-24

# ആശംസകൾ

പ്രവർത്തനാധിഷ്ഠിതവും ഹൈ ടെക്ക് സാങ്കേതികവിദ്യയിലൂന്നിയ ബോധനരീതിയും ഉൾകൊള്ളുന്ന വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി എരഞ്ഞിമങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്  വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന "ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ROSHNI JO
ഹെഡ് മിസ്ട്രസ്
ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്

**രക്ഷാധികാരികൾ**

ശ്രീ. P. MANOHARAN , ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
ശ്രീമതി ഷേർളി വർഗ്ഗീസ് , മലപ്പുറം ജില്ല പഞ്ചായത്ത് മെമ്പർ
ശ്രീ. ഹാരിസ് ആട്ടീരി , പി ടി എ പ്രസിഡന്റ്
ശ്രീ. SURYAPRAKASH, എസ് എം സി ചെയർമാൻ
ശ്രീമതി. LATHA P SURESH, എം ടി എ പ്രസിഡന്റ്

**ചീഫ് എഡിറ്റർ**

ROSHNI JO, ഹെഡ്മിസ്ട്രസ്

**സ്റ്റാഫ് എഡിറ്റർ**

ശ്രീ. RAFEEK P

**എഡിറ്റോറിയൽ ബോർഡ്**

BINDU , സീനിയർ അസിസ്റ്റന്റ്
ANTONY SEBASTIAN , SITC
സജേഷ് ആനപ്പാൻ
ജോഷി. കെ. വി
ദീപ. കെ. ജി
മുഹമ്മദ് ഷാഫി. പി
ഹസീന. ഇ

**സ്റ്റുഡന്റ് എഡിറ്റർസ്**

KRISHNA PRIYA
DRISYA VS
FIDA NASREEN
ADNAN
AJAY SUDHEESH
DANA SALAM
ANUSREE

# ഉള്ളടക്കം


1. **അമ്മത്തൊട്ടിൽ**
2. പ്രളയ കെടുതിയിൽ
3. സഹോദരശ്രുതി
4. എഴുത്തച്ഛന്റെ കവിതകൾ
5. ചിരിച്ചാൽ വേദനിക്കില്ല

# അമ്മത്തൊട്ടിൽ

ജനനിതൻ മാറിൽ തലചായ്ച്ചുറങ്ങുന്ന
ഭഗവാന്റെ തൻ ദയാ പിഞ്ചുമക്കൾ
ഭൂമിയിലെ സകലാത്ഭുതങ്ങൾക്കും മുകളിലായി
ദൈവത്തിന്റെ അത്ഭുത സൃഷ്ടിയീ
പിഞ്ചുപൈതങ്ങൾ നിറമാർന്ന
പൈതങ്ങൾ
നിദ്രതൻ ഊഴത്തിൽ താനേ ചിരിക്കുന്നു
ആ കുഞ്ഞുമോണകാട്ടി,മനതാരിൽ
നോവലുകൾ സകലതും മായ്ക്കുന്നു
പിഞ്ചുകുഞ്ഞുങ്ങളെ,അമ്മതൻ മാറിലെ
വാത്സല്യമറിയുന്ന നിങ്ങളിന്നെത്രയേ
ഭാഗ്യവവാന്മാർ
അമ്മതൻ വാത്സല്യകമന്തെന്നറിയാതെ
അമ്മിഞ്ഞപ്പാലിന്റെ സ്വാദന്തെന്നറിയാതെ
അമ്മത്തൊട്ടിലിൽ നാലു ചുമരുകൾക്കുല്ളിലീ
ഒരുപാടു പിഞ്ചുപൈതങ്ങൾ

# പ്രളയ കെടുതിയിൽ

ഘോരമായ ശബ്ദം.... അവൾ പെട്ടെന്നെഴുന്നേറ്റു
കൂരാകൂരിരുട്ടാണ്.ദീനരോദനവും നിലവിളികളും കേൾക്കുന്നുണ്ട് .
“എന്താണത് ?” അവളുടെ മനസ്സ് ചോദിച്ചു.ഭയവും നെഞ്ചിടിപ്പും കൂടുന്നു “എന്തു ചെയ്യും?” ഒരു വിതം തപ്പിത്തടഞ്ഞ് മൊബൈൽ കണ്ടെത്തി ശ്ശോ.... ഇത് ഓണാകുന്നില്ലല്ലോ..! ഇനി എന്തു ചെയ്യും.അവൾ സ്വയം ചോദിച്ചു .കട്ടിലിരുന്ന് അവൾ ഭയം കൊണ്ട് വിറച്ചു .അവൾ എങ്ങനെയോ ടോർച്ച് കണ്ടി.റൂമിൽനിന്ന്                         പുറത്തേക്കിറങ്ങിയപ്പോൾ കാൽ വഴുതി പോയി.അവൾ ടോർച്ച് കത്തിച്ച് നോക്കിയപ്പോൾ നടുക്കുന്നതായിരുന്നു.
വീടാകെ വെള്ളവും മണ്ണും കൊണ്ട് നിറഞ്ഞിരുന്നു.അവൾ ആകെ തളർന്നു"എവിടെ ഉമ്മയും ഉപ്പയും" അവർ ഉണ്ടായിരുന്ന റീം തന്നെ കണാനില്ലലോ...!അവൾ ഉറകെ നിലവിളിച്ച് കരഞ്ഞു.കേൾക്കാൻ ചുറ്റുവട്ടത്തൊന്നും ആരുമുണ്ടായിരുന്നില്ല.വീടിന്നുചുറ്റും ചെളിയും വെള്ളവും മാത്രം അവൾ കരിഞ്ഞ് നിലത്തേക്ക് വീണു.പിന്നീട് എന്തോ ശബദം കേട്ടാണ് കണ്ണ് ഉുറന്നത്.തലയുയർത്തി നോക്കിയപ്പൊൾ ചുറ്റും കുറേ പേരുണ്ട്.പരിചയമുള്ളവരും ഇല്ലാത്തവരും ഉണ്ട്.ഒരു സ്ത്രീ അവളെ കൈപിടിച്ചെഴുന്നേല്പിച്ചു.എവിടെ ഉമ്മയും ഉപ്പയും എന്നന്വേഷിക്കുന്നത് എന്താ ആരും ശ്രദ്ധിക്കാത്തത്..? അവൾക്കാരോ ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്നുകൊടുത്തു.നന്നായി ദാഹമുള്ളത് കാരണത്താൽ അവളത് വേഗത്തിൽ കുടിച്ചു.ശരീരമാകെ തളർന്ന അവളെ രണ്ടു പേർ ചേർന്ന് വീടിന് പുറത്തെത്തിച്ചു.ചുറ്റുമുള്ളവരുടെ ആശ്വസിപ്പിക്കലിൽ നിന്നും ഉമ്മെയും ഉപ്പയും തന്നെ വിട്ടു പിരിഞ്ഞിരിക്കുന്നു എന്നവൾക്ക് മനസ്സിലായി.അവൾക്കാകെ ഒരു ശൂന്യത അനുഭവപ്പെട്ടു.പക്ഷെ പെട്ടന്ന് തന്നെ ഒരു ധൈര്യം കൈവരുകയും ചെയ്തു.ക്ഷമയോടെ എല്ലാം നേരിടണമെന്ന ആത്മവിശ്വാസം വന്നു.ഉമ്മയുടെയും ഉപ്പയുടെയും സ്വപ്നങ്ങൾക്കനുസരിച് പഠിച്ചു

# സഹോദരശ്രുതി

 സഹോദര്യത്തിന്റെ സൗദര്യത്തിന്റെ തുളുമ്പുന്ന ഒരു കഥ
കട്ടിട്ടുണ്ട് രണ്ട് കർഷക സഹോദരരുടെ . വിവാഹിദനായ ഇളയ
സോദരൻ നാലഞ്ചു  മക്കളുണ്ട് . ഒരു രാത്രി അവിവാഹിദനായ
ജ്യേഷ്ഠൻ അനുജന്റെയും കുടുംബത്തിന്റെയും ഭാവിയെ പറ്റിയുള്ള
ആലോചനകൾ കൊണ്ട് ഉറക്കം വരുന്നതേയില്ല ."എന്റെ
അനുജനും കുടുംബത്തിനും  വേണ്ട അത്ര
വരുമാനമില്ല .അതുകൊണ്ട് അവനും കുടുംബവും ഭാവിയിൽ
കഷ്ട്ടപെടും ...."ഇതോർത്തപ്പോൾ  ജ്യേഷ്ഠൻ സങ്കടം
വന്നു .അന്നുരാത്രി എല്ലാവരും ഉറങ്ങുന്ന നേരം നോക്കി തന്റെ
പത്തായത്തിൽ നിന്നും മൂന്നുനാൽ  ചാക്ക് നെല്ലെടുത്ത്
അനുജന്റെ പത്തായത്തിൽ കൊണ്ടുപോയി ഇട്ടു .
               അന്നുരാത്രി  അവിവാഹിദനായ ജ്യേഷ്ഠന്റെ
ഭാവിയോർത്തിരുന്നിട്ട് അനുജൻ ഉറക്കം വരുന്നില്ല"എനിക്ക്
മക്കൾ എങ്കിലും ഉണ്ട്.ഏട്ടൻ വയസ്സ് കാലത് ആരാണ്
ഉണ്ടാവുക ?വേണ്ടത്ര പണമുണ്ടെങ്കിൽ ഏതെങ്കിലും ഒരു
ഉപകാരമാകും".അന്നുരാത്രി അനുജൻ തന്റെ  പത്തായത്തിൽ
നിന്ന് കുറേ നെല്ലെടുത്ത് ഏട്ടന്റെ പത്തായതിൽ കൊണ്ട് പോയി
നിറച്ചു .
               ഇത് ഇടയ്ക്കിടെ രണ്ടു പേരും പരസ്പരമറിയാതെ
ചെയ്തുകൊണ്ടിരുന്നു.
 ഒരു ദിവസം രാത്രി  രണ്ടു  പേരും ചാക്കുകളിൽ നെല്ലുമായി
പത്തായ പുരക്ക് നേരെ പോകുമ്പോൾ കണ്ടു മുട്ടി ...!
അവരിരുവരും പരസ്പരം നോക്കി നിന്നു .അവരിരുവരുടേയും
കണ്ണുകൾ നിറഞ്ഞു .ഇരുവരും മരിച്ചു പോയി . കലാമേറെക
 ഴിഞ്ഞു. ഇവരുടെ സഹോദര സ്നേഹത്തിന്റെ  കഥ നാട്ടിലാകെ
പരന്നു . ആയിടെ നാട്ടിലൊരു ദേവാലയം പണിയാനുള്ള
അലോജ്ഞാന നടന്നു .അതിനു പറ്റിയ സ്ഥലമായി അവർ
തിരഞ്ഞെടത്തത് ഈ സ്ഥലം ആയിരുന്നു .ഈ സഹോദ രങ്ങൾ
കണ്ടു  മുട്ടിയ  അതേ സ്ഥലം

# എഴുത്തച്ഛന്റെ കവിതകൾ

ലോകത്തിൽ പല തരത്തിലുള്ള കവിതകളുണ്ടങ്കിലും കവിതകളിൽമെച്ചപ്പെട്ട കവിതകൾ എന്നുണ്ടെങ്കിൽ എഴുത്തച്ഛന്റെ കവിതകളാണ്.കാല്തെ അതിജ്ജീവിക്കുന്ന കവിതകളുടെ സൃഷ്ടിയാണ് എഴുത്തച്ഛൻ എന്നും ലോകം എഴുത്തച്ഛനെയും അദ്ദേഹത്തിന്റെകൃതികളെയും ഓർക്കുന്നു.ഭാഷാപരമായ സവിശേഷതകൾ ഇദ്ദേഹത്തിന്റെ കവിതകളിൽ കാണാം.

ആദ്യകാലകവിതകൾ  തമിഴിലും സംസ്കൃതത്തിലുമുണ്ടായിരുന്നു.ഇങ്ങനെയുള്ള കവിതയിൽ നിന്നും അതായത് തമിഴിൽനിലനിർത്തേണ്ടവയെ നില നിർത്തിയും സംസ്കൃതത്തിൽനിന്നും സ്വീകരിക്കേണ്ടവയെ സ്വീകരിച്ചും പുതിയ കാവ്യ ശൈലി സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം എഴുത്തച്ച്ൻ ഏറ്റെടുത്തു.പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ് സവിശേഷതകൾ സ്വാംശീകരിച്ച് ജനങ്ങളെപരിവർത്തിച്ച കവി.ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ കവികൾ ലോകത്തിൽ ഒഴിച്ചു കൂടാനാവാത്തതാകുന്നു.

ആധ്യാത്മരാമായണം കിളിപ്പാട്ട്,മഹാഭാരതം കിളിപ്പാട്ട്, ഹരിനാമ കീർത്തനം  എന്നിവ പ്രധാന കൃതികളിൽ ചിലതാണ്.എഴുത്തച്ഛന്റെ കൃതിയായ ആധ്യാത്മരാമായണത്തിൽ ലോകത്തിൽ നാം മനുഷ്യർക്കുള്ള സ്ഥാനമെന്തെന്ന് തെളിയിക്കുന്നു.ശ്രീരാമൻ കോപിതനായ ലക്ഷമണനെ സാന്ത്വനിപ്പിക്കുന്ന ഭാഗം അദ്ദേഹം വിവരിക്കുന്നു. ലോകത്തിൽ നാം മനുഷ്യരുടെ ജ്ജീവിതം ക്ഷണിക്കുകയാണ്.നമുക്ക് എത്രസുഖങ്ങളുണ്ടായാലും അതെല്ലാം വേകത്തിൽ തന്നെ നമ്മെ വിട്ട് പോകുന്നു.കാലമാകുന്ന അഹിയുടെ വായിലകപ്പെട്ട  ........പോലെയാണ് നാം ഇവിടെ ജ്ജീവിക്കുന്നത് .നാം മനുഷ്യർ  ദേഹമാണ് എന്നതിലുപരി ആത്മാവാണെന്ന തിരിച്ചറിവ് മനുഷ്യന് വേണം എന്ന് ആധ്യാത്മരാമായണം കിളിപ്പാട്ടിൽ വിവിധ തരം കാവ്യ പരമായസവിശേഷതകൾ എഴുത്തച്ഛൻ ആവിഷ്ക്കരിക്കുന്നു.കോപം നല്ലതെല്ലെന്ന് അദ്ദേഹം പറയുന്നു.


ഇതുകൊണ്ടെല്ലാംതന്നെ എഴുത്തച്ഛൻ ആധുനിക മലയാള ഭാഷയുടെ പിതാവ് എന്ന് അറിയപ്പെടുന്നു.

# ചിരിച്ചാൽ വേദനിക്കില്ല

ഒരിക്കൽ ഒരിടത്ത് മനുവും ബാലുവും എന്ന രണ്ടു കുട്ടികൾ താമസിച്ചിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. അവർ ഒരുമിച്ചാണ് സ്കൂളിലേക്ക് പോകുന്നതും വരുന്നതും.അവർ സ്കൂളിലേക്ക് പോകുന്നത് ഒരു വയൽവരമ്പിലൂടെയായിരുന്നു. ഒഴിവുസമയങ്ങളിൽ അവർ വയലേലകൾക്കിടയിലൂടെ ഓടിക്കളിക്കുമായിരുന്നു.
ഒരു ദിവസം അവർ മറ്റു കൂട്ടുകാരോടൊപ്പം വയൽവരമ്പിലൂടെ സ്കൂളിലേക്ക് പോകുകയായിരുന്നു. പെട്ടെന്ന് ബാലുവിന്റെ കാൽ വഴുതി വയലിലെ ചേറിലേക്ക് വീണു. മനു ഒഴികെ മറ്റെല്ലാവരും ബാലുവിനെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. എന്നാൽ, ഉറ്റ സുഹൃത്തായിരുന്ന മനുവിന് സങ്കടം തോന്നി. അതുകണ്ട ബാലുവിനും സങ്കടമായി. ബാലുവും കരയാൻ തുടങ്ങി. അതുകണ്ട് മനുവിന് ചിരിവന്നു. മനു ചിരിച്ചതുകണ്ട് ബാലുവും ചിരിച്ചു. എന്നിട്ട് മനുവും ആ ചേറിലേക്ക് ചാടി. എന്നിട്ട് രണ്ടുപേരും ആ ചേറിൽ ഉരുണ്ടുമറിഞ്ഞു. ബാക്കിയുള്ള കുട്ടികൾ സ്കൂളിലേക്ക് പോയി.

# പിന്നണിയിൽ




THANKS